<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5735</u> <u>08-07-2024 - ൽ മറുപടിയ്ക്ക്</u>

<u>പോസ്റ്റ്മോർട്ടം നടപടികളിലെ സങ്കീർണ്ണതകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പോസ്റ്റ്മോർട്ടം നടപടികളിലെ സങ്കീർണ്ണതകളും കാലതാമസവും മൂലം അനുഭവപ്പെടുന്ന പ്രയാസങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | പോസ്റ്റ്മോർട്ടം നടപടികളിലെ സങ്കീർണ്ണതകളും കാലതാമസവും മൂലം അനുഭവപ്പെടുന്ന പ്രയാസങ്ങൾ ഒഴിവാക്കി നടപടികൾ വേഗത്തിലാക്കുന്നതിനായി വ്യക്തമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 21/06/2022 ലെ M3/12/2022/ആഭ്യന്തരം നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചാണ് നിലവിൽ പോസ്റ്റ്മോർട്ടം നടത്തുന്നത്. |
| (ബി) | സംസ്ഥാനത്ത് പോലീസ് സർജൻ ഉള്ള ആശുപത്രികൾ ഏതൊക്കെയാണ്; | (ബി) | തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ, മഞ്ചേരി, എറണാകുളം, വയനാട്, കോഴിക്കോട്, ഇടുക്കി സർക്കാർ മെഡിക്കൽ കോളേജുകളിലും താഴെപ്പറയുന്ന സർക്കാർ ആശുപത്രികളിലും പോലീസ് സർജന്റെ സേവനം ലഭ്യമാണ്.<br><br>ജനറൽ ആശുപത്രി ,തിരുവനന്തപുരം<br><br>ജില്ല ആശുപത്രി, ഒകാല്ലം<br><br>ജനറൽ ആശുപത്രി, പത്തനംതിട്ട<br><br>ജില്ലാ ആശുപത്രി, ചെങ്ങന്നൂർ<br><br>ജനറൽ ആശുപത്രി, കോട്ടയം<br><br>ജനറൽ ആശുപത്രി എറണാകുളം<br><br>ജനറൽ ആശുപത്രി മൂവാറ്റുപുഴ<br><br>ജില്ലാ ആശുപത്രി, ഇടുക്കി,<br><br>ജനറൽ ആശുപത്രി മഞ്ചേരി<br><br>ജനറൽ ആശ്രുപത്രി, തൃശ്ശൂർ<br><br>ജില്ലാ ആശുപത്രി, പാലക്കാട് |

| | | | |
|---|---|---|---|
| | | | ജനറൽ ആശുപത്രി, കോഴിക്കോട്<br><br>ജില്ല ആശുപത്രി, മാനന്തവാടി<br><br>ജില്ലാ ആശുപത്രി, കണ്ണൂർ,<br><br>ജനറൽ ആശുപത്രി, കാസർഗോഡ് |
| (സി) | കോതമംഗലം താലൂക്ക് ആശുപത്രി ഉൾപ്പെടെയുള്ള മുഴുവൻ താലൂക്ക് ആശുപത്രികളിലും പോലീസ് സർജൻമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ആരോഗ്യവകുപ്പിന് കീഴിലുള്ള വിവിധ താലൂക്ക് ആശുപത്രികളിൽ പോലീസ് സർജൻമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല. |
| (ഡി) | ബന്ധുക്കളും പോലീസും ആവശ്യപ്പെട്ടാലും പോലീസ് സർജൻ തന്നെ പോസ്റ്റ്മോർട്ടം ചെയ്യണമെന്ന നിലപാടെടുക്കുന്ന ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ഡി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ പോലീസ് സർജൻമാരുടെ സേവനങ്ങൾ പോസ്റ്റുമോർട്ടം പരിശോധനയിൽ മുഴുവൻ സമയവും ലഭ്യമാണ്.കൂടാതെ സർക്കാർ ആശുപത്രികളിൽ അസിസ്റ്റന്റ് സർജൻ പോസ്റ്റുമോർട്ടം ചെയ്യേണ്ടിവരുന്ന അവസരങ്ങളിൽ മരണകാരണത്തിൽ ഡോക്ടർമാർക്ക് സംശയമുണ്ടെങ്കിലോ പോലീസ് സർജന് റഫറൻസ് ചെയ്യേണ്ടിവരുന്ന അവസരങ്ങളിലോ മാത്രമാണ് സൂപ്രണ്ടിന്റെ അനുവാദത്തോടുകൂടി പോലീസ് സർജനുള്ള സ്ഥലങ്ങളിലേയ്ക്ക് റഫർ ചെയ്യേണ്ടി വരുന്നത്. |
| (ഇ) | വൈകിട്ട് നാലു മണിക്ക് ശേഷം പോസ്റ്റ്മോർട്ടം നടത്താൻ അനുവദിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഇ) | നാലു മണിവരെ പോസ്റ്റുമോർട്ടത്തിനായി സ്വീകരിച്ച അപേക്ഷകളിൽപ്പെട്ട മൃതദേഹങ്ങളുടെ പോസ്റ്റുമോർട്ടം നടത്തിവരുന്നു. നാലു മണിക്ക് ശേഷം പുതിയ പോസ്റ്റുമോർട്ടം പരിശോധനയ്ക്കായുള്ള അപേക്ഷ സ്വീകരിക്കാറില്ല.<br><br>എന്നാൽ ചില പ്രത്യേക/അടിയന്തര സാഹചര്യങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി രാത്രികാല പോസ്റ്റുമോർട്ടം ഇപ്പോൾത്തന്നെ നടത്തിവരുന്നു. കൂടാതെ നിലവിൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ രാത്രികാല പോസ്റ്റുമോർട്ടം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട് |
| (എഫ്) | സ്വകാര്യ ആശുപത്രികളിൽ പോസ്റ്റ്മോർട്ടം നടത്താൻ അനുവദിക്കുമോ; | (എഫ്) | നിലവിൽ പരിഗണനയിലില്ല. |
| (ജി) | അപകടമരണത്തിൽപെടുന്നവരുടെ സംസ്കാര ചടങ്ങിന്റെ കാലതാമസം ഒഴിവാക്കുന്നതിന്, അപകടമരണവുമായി ബന്ധപ്പെട്ട നിയമ സാങ്കേതിക നടപടികൾ ഏകോപിപ്പിക്കുന്നതിനായി റവന്യൂ-ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ സ്ഥിരമായി ചുമതലപ്പെടുത്താൻ ആരോഗ്യ വകുപ്പ് | (ജി) | ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | മുൻകൈ എടുത്ത് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ